3344 D

2/218

നമ്പർ:- എം1/11893/റ്റിസി/2008.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തീയതി, 16-07-2008.

2/8/8

## ചുറ്റെഴുത്ത് നമ്പർ. 18/2008

വിഷയം:- മോട്ടോർ വാഹന വകുപ്പ് - ടാക്സ് ലൈസൻസ്, ഫീസ് രസീത് ഹോളോഗ്രാം എന്നിവയുടെ മാസംതോറുമുള്ള ഉപയോഗവും ബാക്കിയും അറിയുന്നത് സംബന്ധിച്ച്.

സൂചന:- 25-06-2008 നു ഈ ഓഫീസിൽ കൂടിയ മീറ്റിംഗിലെ തീരുമാനം.

ട്രാൻസ്പോർട്ട് കമ്മീഷണർ ഓഫീസിൽ നിന്നും എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്ക് വിതരണം ചെയ്യുന്ന ടാക്സ് ലൈസൻസ്, ഫീസ് രസീത്, ഹോളോഗ്രാം എന്നിവ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ കൃത്യമായി കൈപ്പറ്റി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അധികാര പരിധിയിലുള്ള റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് നൽകുകയും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ./ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ വകുപ്പിൻെറ സോഫ്റ്റ്വെയർ ആയ **"സ്മാർട്ട് മൂവിലൂടെ"** സ്റ്റോക്ക് എടുക്കേണ്ടതും. ആയവ ഓഫീസിലെ ആവശ്യത്തിനായി വിതരണം നടത്തിയ കണക്ക് കൃത്യമായി ചേർത്ത് മാസാവസാനം, ഓഫീസിലെ ബാക്കിയുള്ള സ്റ്റോക്കിൻെറ കണക്കും എടുത്ത് ആയത് അതാതു ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരെ അറിയിക്കേണ്ടതും, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ എല്ലാ കണക്കും ശേഖരിച്ച് ഓഫീസുകളായി വേർതിരിച്ച് റിപ്പോർട്ട് ഈ ഓഫീസിലേക്ക് മാസത്തിൻെറ ആദ്യ ആഴ്ചയിൽ തന്നെ (7 ദിവസത്തിനകം) അറിയിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ.

To

All D.T.C. All R.T.C. and Joint R.T.O.

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്.
എസ്.എം.